നമ്പർ : ICPS 2/16183/2016

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 01/08/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ഐ.സി.പി.എസ് - ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ഇതരഭാഷകളിൽ ആശയ വിനിമയം നടത്താൻ കഴിയുന്നവരുടെ പട്ടിക തയ്യാറാക്കൽ - പത്രവാർത്ത സംബന്ധിച്ച്

സൂചന : കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 19.09.2016-ലെ കത്ത് നമ്പർ 2321/01/LA1/2015/ KeSCPCR

ജെ.ജെ സ്ഥാപനങ്ങളിൽ പ്രവേശിക്കപ്പെടുന്ന ഇതര സംസ്ഥാനക്കാരായ കുട്ടികളുമായി സൗഹൃദപൂർവ്വം ഇടപെടാൻ കഴിയുന്ന ദ്വിഭാഷികളുടേയും വിവർത്തകരുടേയും ഒരു പാനൽ തയ്യാറാക്കേണ്ടതും, പ്രസ്തുത പാനലിൽ ഉൾപ്പെടുന്നവരുടെ സേവനം സ്ഥാപനത്തിൽ പ്രവേശിക്കപ്പെടുന്ന ഇതര സംസ്ഥാനക്കാരായ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓരോ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലും തയ്യാറാക്കിയിട്ടുള്ള ദ്വിഭാഷികളുടെ പേരും വിലാസവും, അവർക്ക് ആശയവിനിമയം നടത്താൻ കഴിയുന്ന ഭാഷകൾ എന്നിവ അടങ്ങുന്ന ലിസ്റ്റ് 20.08.2016-നു മുൻപായി ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ഡി.സി.പി.ഒ-മാർക്കും

പകർപ്പ്

1. എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
2. സ്റ്റോക്ക് ഫയൽ